കൃഷിഭവനുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. സംഭരണവുമായി ബന്ധപ്പെട്ട ജോലികൾ കൃഷിഭവനുകളിൽ നിർവ്വഹിക്കുന്നതിനായി ഓരോ അക്കൗണ്ടന്റിനേയും രണ്ട് തൊഴിലാളികളെയും കേരഫെഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭരണ സംസ്കരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷി വകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട്. കൃഷിഭവനുകളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡിന് കൈമാറുകയും കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുകയും ചെയ്യുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകിവരുന്നത്. പൊതുവിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. 1-1-2013 മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 371 കൃഷിഭവനുകളിൽനിന്നും 83160 ടൺ പച്ചനാളികേരം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത

22 (*142) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത എണ്ണയുടെ വിലയിടിവിനെത്തുടർന്നുള്ള ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത, പ്രവാസികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയത് പ്രവാസികൾ മടങ്ങിവരുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പലകാരണങ്ങളാൽ നാട്ടിലേക്ക് മടങ്ങിവന്ന പ്രവാസികളുടെ ക്ഷേമത്തിനായി ഇതുവരെയായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പദ്ധതിനടത്തിപ്പിലൂടെ ലക്ഷ്യങ്ങൾ നേടാനായോ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതികൾക്കായി എന്ത് തുക നീക്കിവെച്ചിരുന്നുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) അസംസ്കൃത എണ്ണയുടെ വിലയിടിവിനെത്തുടർന്ന് ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത കേരളത്തിൽനിന്നും വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരെ ബാധിക്കാനിടയുണ്ട് എന്ന സാമ്പത്തിക വിദഗ്ദ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എണ്ണവിലയിടിവിനെത്തുടർന്നുണ്ടാകാൻ സാദ്ധ്യതയുള്ള സാമ്പത്തികമാന്ദ്യംമൂലം പ്രവാസി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. എണ്ണ വിലയിടിവുമൂലം ഗൾഫ് തൊഴിൽമേഖലയിലുണ്ടാകാൻ സാദ്ധ്യതയുള്ള വ്യതിയാനങ്ങൾ നോർക്ക വകുപ്പ് സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്.

(സി&ഡി) വിദേശത്ത് ജോലി ചെയ്ത് പല കാരണങ്ങളാൽ തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക-റൂട്ട്സുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ള കാനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 1072 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭ്യമാക്കുകയും ഇവർക്കായി 6.68 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഇ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 8.75 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ അനുവദിച്ച തുകയുടെയും ചിലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala.Legislative Assembly

2012-2013 : 1 കോടി

2013-2014 : 1.48 കോടി

2014-2015 : 5 കോടി

2015-2016 : 5 കോടി

ആകെ :12.48 കോടി

==========

ഇതിൽ 9.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കാർഷിക വിളകളുടെ വിലത്തകർച്ച

23 (*143) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലത്തകർച്ച കർഷകരുടെ വായ്പാ തിരിച്ചടവിനെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വിലത്തകർച്ചമൂലം കർഷകരുടെ വായ്പാ തിരിച്ചടവ് ശേഷി നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പാ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ മുൻകൈ എടുക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കാർഷിക വിളകളുടെ വിലത്തകർച്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. വായ്പാ തിരിച്ചടവിന് അനുകൂലമായ സാഹചര്യം ഇതുമൂലം സംജാതമാക്കാൻ കഴിഞ്ഞെന്ന് കരുതുന്നു.

(ബി) വിലത്തകർച്ച കർഷകരുടെ വായ്പാതിരിച്ചടവുശേഷിയെ ബാധിച്ചതായി കരുതേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly